# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2746 — 06/02/2018-ലെ മറുപടി

## 'നീരുറവ്' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ 'നീരുറവ്' പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണ്; | (എ) | വർഷ കാലത്ത് സമൃദ്ധമായ മഴ വെള്ളത്തെ മണ്ണിൽ താഴാൻ അനുവദിച്ചും മഴവെള്ള സംഭരണം നടത്തിയും വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പുവരുത്തുക എന്ന് ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കർമ്മ പരിപാടിയാണ് 'നീരുറവ്' |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതിനകം ഏറ്റെടുത്തിട്ടുള്ളത്; | (ബി) | 'നീരുറവ്' എന്ന കർമ്മ പരിപാടിയ്ക്കായി പ്രത്യേകമായി ഒരു ഫണ്ട് നീക്കി വച്ചിട്ടില്ല. വിവിധ പദ്ധതികളിൽപെടുത്തി നടപ്പാക്കുന്ന മഴവെള്ള സംഭരണ സംരക്ഷണ പ്രവർത്തനങ്ങൾ ആണ് 'നീരുറവ്' കർമ്മ പരിപാടിയിൽ പ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിന് സമീപം ഒരു കുളം നിർമ്മാണം പൂർത്തികരിച്ച വരുന്നു. ഏകദേശം 20 ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന ക്യാമ്പസിലെ മഴവെള്ളത്തിന്റെ വലിയൊരു പങ്കം സ്വഭാവിക നീരൊഴുക്കും പ്രയോജനപ്പെടുത്തിയാണ് കുളം നിർമ്മിക്കുന്നത്. അതുപോലെ തന്നെ 'നീരുറവ്' കർമ്മ പരിപാടിയുടെ ഭാഗമായി അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായ കിണറുകളുടെ സമീപം മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി 'നീരുറവ്' കർമ്മ പരിപാടിയുടെ ഭാഗമായി അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും മേൽക്കുരയിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനായുള്ള |

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 'നീരുറവ' പദ്ധതി ഹരിതകേരളം മിഷനുമായി സംയോജിപ്പിച്ച് ഫലപ്രദമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | 'നീരുറവ്'ഹരിതകേരളവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ